# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1155 06.02.2020 ൽ മറുപടിക്ക്**

**വഴുതയ്ക്കാട്- തൈക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട്- തൈയ്ക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ അവസാന ഘട്ടം നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) ട്രിഡ ഏറ്റെടുത്ത ഭൂമിയിൽ കച്ചവടക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിട്ടതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) വെള്ളയമ്പലം തൈക്കാട് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 29.03.1997-ലെ G.O.(Ms) 76/97/LAD പ്രകാരം 2 കോടി രൂപ അനുവദിക്കുകയും ആയതിന് ട്രിഡയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ട്രിഡ, റവന്യൂ വകുപ്പുമായി ചേർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പ്രവൃത്തി ഇതുവരെയും പൂർത്തിയായിട്ടില്ല. ട്രിഡ ഏറ്റെടുത്ത ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇനി ഏകദേശം 21 സെന്റ് സ്ഥലം കൂടി ട്രിഡ ഏറ്റെടുക്കാനുണ്ട്. |
| (സി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ടി റോഡിൽ ആൽത്തറ ജംഗ്ഷൻ മുതൽ മേട്ടുക്കട ജംഗ്ഷൻ വരെയുള്ളഭാഗം പുനരുദ്ധരിക്കുന്നതിനുള്ള നടപടി കെ.ആർ.എഫ്.ബി മുഖേന സ്വീകരിച്ചുവരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**